# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 870      13/06/2012 ൽ മറുപടിക്ക്

**യുവജനങ്ങളെയും വിദ്യാർത്ഥികളെയും ഉദ്ബോധിപ്പിക്കുന്ന പദ്ധതി**

ചോദ്യം      ഉത്തരം

ശ്രീ. പി. തിലോത്തമൻ

കുമാരി. പി.കെ. ജയലക്ഷ്മി
(ബഹു.പട്ടികവർഗ്ഗക്ഷേമവും യുവജന
കാര്യവും കാഴ്ചബംഗ്ളാവുകളും
മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | നമ്മുടെ നാടിന് കൈമോശം വന്നതും വംശനാശഭീഷണി നേരിടുന്നതുമായ ജീവിവർഗ്ഗങ്ങളെയും സസ്യജാലങ്ങളെയുംപ്പറ്റി യുവജനങ്ങളെയും വിദ്യാർത്ഥികളെയും ഉദ്ബോധിപ്പിക്കുന്ന ചിത്രങ്ങളും രൂപങ്ങളും ഉൾപ്പെടുത്തിയ ഒരു പ്രദർശനം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ എല്ലാ വിദ്യാലയങ്ങളിലും സംഘടിപ്പിക്കുവാൻ ഒരു പദ്ധതി തയ്യാറാക്കുമോ ; | (എ) | വംശനാശഭീഷണി നേരിടുന്നതായ ജീവി വർഗ്ഗങ്ങളെയും, സസ്യജാലങ്ങളെയും കുറിച്ച് യുവജനങ്ങളെയും, വിദ്യാർത്ഥികളെയും ഉദ്ബോധിപ്പിക്കുന്നതിനായി മ്യൂസിയവും മൃഗശാലയും വകുപ്പ് ഒരു ഡോക്യുമെന്ററി നിർമ്മിച്ച ശേഷം വിദ്യാലയങ്ങളിൽ പ്രദർശനം സംഘടിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കുന്നകാര്യം ആലോചിച്ചുവരുന്നു. |
| ബി) | നമ്മുടെ മൃഗശാലകളിൽ മേൽപ്പറഞ്ഞ വിഭാഗത്തിലുള്ള ജീവിവർഗ്ഗങ്ങളെ പരിചയപ്പെടുത്തുന്ന ഒരു മേഖല ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | (ബി) | മൃഗശാലയുടെ പുതിയ മാസ്റ്റർ പ്ലാൻ പ്രകാരം വംശനാശഭീഷണി നേരിടുന്ന ജീവികളെ പരിചയപ്പെടുത്തുന്നതിനായി ഇന്റർപ്രെറ്റേഷൻ സെന്റർ സ്ഥാപിക്കുന്നതിനായി നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ